# Operation Dost
February 08, 2023

---

**ഓപ്പറേഷൻ ദോസ്ത്**
ഫെബ്രുവരി 08, 2023

2023 ഫെബ്രുവരി 6-ന് തുർക്കിയെയിലും സിറിയയിലും ഉണ്ടായ വൻ ഭൂകമ്പത്തെത്തുടർന്ന്, ദുരന്തബാധിതരായ ജനങ്ങൾക്ക് സാധ്യമായ എല്ലാ സഹായവും നൽകണമെന്ന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി നിർദ്ദേശിച്ചിരുന്നു.

ഇതേത്തുടർന്ന് സെർച്ച് ആൻഡ് റെസ്ക്യൂ (എസ്എആർ) ശ്രമങ്ങൾക്കും മെഡിക്കൽ സഹായത്തിനും ആവശ്യമായ പിന്തുണ നൽകുന്നതിനായി ഓപ്പറേഷൻ ദോസ്ത് ആരംഭിച്ചു. വിവിധ ഏജൻസികൾ തമ്മിലുള്ള ഏകോപനത്തോടെയുള്ള മുഴുവൻ സർക്കാർ സമീപനവും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്.ദ്രുത പ്രതികരണ സഹായ അഭ്യർത്ഥന ലഭിച്ച് മണിക്കൂറുകൾക്കുള്ളിൽ ഒരു പ്രത്യേക എസ് എ ആർ ടീമുമായി ആദ്യത്തെ സി-17 ഐ എ എഫ് വിമാനം തുർക്കിയിലേക്ക് പുറപ്പെട്ടിരുന്നു.

അതിനുശേഷം, 5 സി-17 ഐ എ എഫ് വിമാനങ്ങളിൽ 250-ലധികം ഉദ്യോഗസ്ഥരും പ്രത്യേക ഉപകരണങ്ങളും 135 ടണ്ണിലധികം വരുന്ന മറ്റ് ദുരിതാശ്വാസ സാമഗ്രികളും തുർക്കിയിലേക്ക് അയയ്ക്കാൻ ഇന്ത്യക്ക് കഴിഞ്ഞു.

ഡോഗ് സ്ക്വാഡുകൾ, പ്രത്യേക ഉപകരണങ്ങൾ, വാഹനങ്ങൾ, സപ്ലൈകൾ എന്നിവയ്ക്കൊപ്പം പ്രത്യേക പരിശീലനം ലഭിച്ച 150-ലധികം പേർ അടങ്ങുന്ന ദേശീയ ദുരന്ത പ്രതികരണ സേനയുടെ (എൻഡിആർഎഫ്) മൂന്ന് സ്വയം സുസ്ഥിര ടീമുകൾ ഇതിൽ ഉൾപ്പെടുന്നു. തകർന്ന ഘടനകൾക്ക് കീഴിൽ കുടുങ്ങിക്കിടക്കുന്ന ആളുകളെ കണ്ടെത്താനും സ്ഥലം കണ്ടെത്താനും അവിടേയ്ക്ക് പ്രവേശിക്കാനും ആളുകളെ പുറത്തെടുക്കാനും അവരുടെ ഉപകരണങ്ങൾ സഹായകമാകുന്നു.

കൂടാതെ, ഇന്ത്യൻ ആർമിയുടെ 30 കിടക്കകളുള്ള ഒരു സ്വാശ്രയ ഫീൽഡ് ഹോസ്പിറ്റൽ സ്ഥാപിക്കാൻ ഉദ്യോഗസ്ഥരെയും ഉപകരണങ്ങളെയും അയച്ചിട്ടുണ്ട്. അവശ്യ മരുന്നുകൾ, അത്യാധുനിക ഉപകരണങ്ങൾ, വാഹനങ്ങൾ, ആംബുലൻസുകൾ എന്നിവയുള്ള പ്രത്യേക പരിശീലനം ലഭിച്ച 99 പേരടങ്ങുന്ന സംഘവും ഇതിൽ ഉൾപ്പെടുന്നു. പൂർണമായും പ്രവർത്തനക്ഷമമായ ഓപ്പറേഷൻ തിയറ്ററും എക്സ്റേ, വെന്റിലേറ്ററുകൾ തുടങ്ങിയ സൗകര്യങ്ങളും ആശുപത്രിയിൽ ഉണ്ടായിരിക്കും.

അദാനയിൽ ക്യാമ്പ് ഓഫീസ് സ്ഥാപിച്ചിട്ടുള്ള ഞങ്ങളുടെ എംബസി മുഖേന ടർക്കിയിലെ ഞങ്ങളുടെ ടീമുകളുടെ വിന്യാസം പ്രാദേശിക അധികാരികളുമായി

ഏകോപിപ്പിക്കുന്നുണ്ട്. മെഡിക്കൽ ടീം ഇസ്കെൻഡറുണിൽ ഫീൽഡ് ഹോസ്പിറ്റൽ സ്ഥാപിക്കുമ്പോൾ എൻഡിആർഎഫ് ടീമുകൾ ഗാസിയാൻടെപ്പിലെ രക്ഷാപ്രവർത്തനങ്ങളിൽ സഹായം നൽകുന്നു. രക്ഷാപ്രവർത്തനത്തിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്ന ടീമുകളെ സഹായിക്കാൻ വിദേശകാര്യ മന്ത്രാലയത്തിലെ , തുർക്കി ഭാഷ സംസാരിക്കുന്ന രണ്ടു ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സംഘം, തുർക്കിയിൽ വിന്യസിച്ചിട്ടുണ്ട്.

ഭൂകമ്പം ഏറ്റവും കൂടുതൽ ബാധിച്ച തുർക്കിയിലെ അദാന, ഗാസിയാൻടെപ്, മലത്യ, കഹ്റാമൻമാരാസ് പ്രവിശ്യകളിൽ, ബാധിത മേഖലയിലെ ഇന്ത്യൻ പൗരന്മാരുടെ ക്ഷേമവും ഞങ്ങളുടെ എംബസി പരിശോധിച്ചുവരികയാണ്. എംബസിയിൽ ഹെൽപ്പ് ഡെസ്ക്കും സജ്ജീകരിച്ചിട്ടുണ്ട്. റോഡിന്റെ മോശമായ അവസ്ഥ, മോശം കാലാവസ്ഥ, തുടങ്ങിയ ലോജിസ്റ്റിക്കൽ തടസ്സങ്ങൾ നിലവിലുള്ള രക്ഷാപ്രവർത്തനങ്ങൾ ഗുരുതരമായി പരിമിതപ്പെടുത്തുമ്പോൾ, ഒറ്റപ്പെട്ടുപോയതായി റിപ്പോർട്ടുചെയ്ത പത്തോളം ഇന്ത്യൻ പൗരന്മാരെ ഞങ്ങളുടെ ഉദ്യോഗസ്ഥർ കണ്ടെത്തിയിരുന്നു. കാണാതായ ഒരു സ്വദേശിയെ കണ്ടെത്താനുള്ള ശ്രമങ്ങളും തുടരുകയാണ്.

സിറിയയെ സംബന്ധിച്ചിടത്തോളം, 6 ടണ്ണിലധികം അടിയന്തര ദുരിതാശ്വാസ സഹായം സി130 ജെ IAF വിമാനം വഴി ഡമാസ്കസിലേക്ക് എത്തിസിച്ചിരുന്നു. ചരക്കിൽ അടിയന്തര ഉപയോഗത്തിനുള്ള മരുന്നുകൾ, ജലാംശത്തിനുള്ള ദ്രാവകങ്ങൾ, സംരക്ഷണ ഉപകരണങ്ങൾ, പൊതു ഉപയോഗത്തിനുള്ള മരുന്നുകൾ, ഇസിജി മെഷീൻ, പേഷ്യന്റ് മോണിറ്റർ തുടങ്ങിയ മെഡിക്കൽ ഉപകരണങ്ങളും ഉൾപ്പെടുന്നു. സിറിയയിലെ പ്രാദേശിക ഭരണ പരിസ്ഥിതി ഡെപ്യൂട്ടി മന്ത്രി മൗതാസ് ദൗജി ദമാസ്കസ് വിമാനത്താവളത്തിൽ വച്ച് ഇത് സ്വീകരിച്ചു.

ഈ വിനാശകരമായ ഭൂകമ്പം ബാധിച്ചവർക്ക് സാധ്യമായ എല്ലാ പിന്തുണയും നൽകാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണ്. ആദ്യ പ്രതികരണ വക്താവ്, സുരക്ഷാ ദാതാവ് എന്നീ നിലകളിൽ ഇന്ത്യയുടെ ഹ്യുമാനിറ്റേറിയൻ അസിസ്റ്റൻസ് ആൻഡ് ഡിസാസ്റ്റർ റിലീഫ് (എച്ച്എഡിആർ) പ്രതികരണം അയൽ മേഖലയിലെ രാജ്യങ്ങളിൽ മാത്രമല്ല, അതിനപ്പുറമുള്ള രാജ്യങ്ങൾക്കും വേഗത്തിലും ലഭ്യമാകുമെന്നു ഉറപ്പിക്കുന്ന ഇന്ത്യയുടെ ഏറ്റവും പുതിയ പ്രകടനമാണ് ഓപ്പറേഷൻ ദോസ്ത്.

**ഫെബ്രുവരി 08, 2023**
**ന്യൂ ഡെൽഹി**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.